"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭാരതീയ ചികിത്സാ വകുപ്പ്- ജീവനക്കാര്യം -സമാശ്വാസ തൊഴിൽദാന പദ്ധതി- സീനിയർ മെഡിക്കലാഫീസർ (വിഷ) തസ്തികയിൽ ജോലി ചെയ്തുവരവെ അന്തരിച്ച ഡോ.എൻ.ശ്രീവത്സന്റെ മകൾ കുമാരി എസ്.എസ്.അമൃതയ്ക്ക് ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുവാനുണ്ടായ കാലതാമസം മാപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(കൈ) നം.15/2021/AYUSH തീയതി,തിരുവനന്തപുരം, 06/08/2021

---

പരാമർശം:-

1. സ.ഉ.(പി) നം.12/99/ഉഭപവ. തീയതി 24.05.1999
2. 18.5.2004-ലെ 6678/Adv.C2/04/P&ARD നമ്പർ സർക്കുലർ
3. കുമാരി.എസ്.എസ്.അമൃതയുടെ 17/08/2018-ലെ അപേക്ഷ
4. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 09/11/2020-ലെ ഇ4-89561/2020 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ വർക്കല ജില്ലാ ആയുർവേദ ആശുപത്രിയിലെ സീനിയർ മെഡിക്കലാഫീസർ(വിഷ) തസ്തികയിൽ ജോലി ചെയ്തുവരവെ 09.09.2005-ൽ അന്തരിച്ച ഡോ.എൻ.ശ്രീവത്സന്റെ മകൾ കുമാരി എസ്.എസ്. അമൃത പരാമർശം 3 പ്രകാരം ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നു.

2) കുമാരി എസ്.എസ്. അമൃത ആശ്രിത നിയമനത്തിനായി സമർപ്പിച്ച അപേക്ഷ, അപേക്ഷക മേജറായി 3 വർഷത്തിനകം സമർപ്പിച്ചില്ല എന്ന കാരണത്താൽ നിരസിച്ചിരുന്നു. എന്നാൽ കുമാരി എസ്.എസ്. അമൃതയുടെ പിതൃമാതാവുമായി നിലവിലുണ്ടായിരുന്ന അവകാശ തർക്കത്തിൽ കോടതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനന്തരവകാശ സർട്ടിഫിക്കറ്റ് റവന്യൂ അധികാരികളിൽ നിന്നും 28.05.2018 - ന് മാത്രമേ ലഭ്യമായതുള്ളൂ എന്നും, ആയത് ലഭിച്ച മുറയ്ക്ക് 17.08.2018-ന് ആശ്രിത നിയമന അപേക്ഷ സമർപ്പിക്കുകയാണുണ്ടായതെന്നും വിശദമാക്കി ടിയാൾ വീണ്ടും അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു. ആശ്രിത നിയമനത്തിന് അപേക്ഷിക്കുന്നതിൽ മനഃപൂർവ്വമായ കാലതാമസം വരുത്തിയിട്ടില്ലാത്തതിനാലും, പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ് ലഭിക്കാനുണ്ടായ കാലതാമസം പരിഗണിച്ചും കുമാരി എസ്.എസ്. അമൃത സമർപ്പിച്ച ആശ്രിത നിയമന അപേക്ഷ അനുകൂല നടപടികൾക്കായി ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുമാരി.എസ്.എസ്.അമൃതയുടെ പിതൃമാതാവുമായി നിലവിലുണ്ടായിരുന്ന അവകാശ തർക്കത്തിൽ കോടതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് റവന്യൂ അധികാരികളിൽ നിന്നും യഥാസമയം ലഭിക്കാത്തതാണ് ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിൽ കാലതാമസം വരാനിടയായത്. ഈ സാഹചര്യത്തിൽ ഭാരതീയ ചികിത്സാ വകുപ്പിൽ തിരുവനന്തപുരം വർക്കല ജില്ലാ ആയുർവേദ ആശുപത്രിയിലെ സീനിയർ മെഡിക്കലാഫീസർ (വിഷ) തസ്തികയിൽ ജോലി ചെയ്തുവരവെ അന്തരിച്ച ഡോ.എൻ.ശ്രീവത്സന്റെ മകൾ കുമാരി എസ്.എസ്.അമൃത ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുവാനുണ്ടായ കാലതാമസം ചട്ടങ്ങളിൽ ഇളവനുവദിച്ചുകൊണ്ട് മാപ്പാക്കിയും ടിയാൾക്ക് ആശ്രിത നിയമനം നൽകുന്നതിനും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
സെക്രട്ടറി

ഡയറക്ടർ, ഭാരതീയ ചികിത്സാവകുപ്പ്, തിരുവനന്തപുരം

കുമാരി. എസ്.എസ്.അമൃത, സ്വാമി നിലയം, റ്റി.സി.27/659, തച്ചക്കുടി, വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം- 695035
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (03/03/2020-ലെ റൂൾസ്-3/42/2020/ ഉ.ഭ.പ.വ.)
പൊതുഭരണ(എസ്.സി. വകുപ്പ്)(04/08/2021-ലെ ഇനം. നം170)
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 04-08-2021

ഫയൽ നം. എ2/78/2020/ആയുഷ്.  ഇനം നം: 170

വിഷയം : ആയുഷ് വകുപ്പ് - സമാശ്വാസ തൊഴിൽദാനപദ്ധതി - കുമാരി. എസ്. എസ്.അമൃത - അപേക്ഷ സമർപ്പിക്കുവാനുണ്ടായ കാലതാമസം മാപ്പാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, ആയുഷ് വകുപ്പ്.

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | എ 2/78/2020/ആയുഷ് |
| 2. വകുപ്പ് | ആയുഷ് (എ) വകുപ്പ് |
| 3. വിഷയം | സമാശ്വാസ തൊഴിൽ ദാനപദ്ധതി- കുമാരി.എസ്.എസ്.അമൃത- അപേക്ഷ സമർപ്പിക്കുവാനുണ്ടായ കാലതാമസം മാപ്പാക്കുന്നത് - സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 13/07/2021 |
| 5. i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | ഇല്ല |
| ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട്. ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ്<br>ഉണ്ട്. |
| 7. കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ഭൂഷൺ വി. |
| 8. കുറിപ്പ് സമർപ്പിച്ച സെക്രട്ടറിയുടെ പേര് | ഡോ. ഷർമിള മേരി ജോസഫ് |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 23/07/2021 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി.പി.ജോയ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 26/07/2021 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി. വീണാ ജോർജ്ജ് |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 27/07/2021 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 29/07/2021 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

തിരുവനന്തപുരം ജില്ലയിലെ വർക്കല ജില്ലാ ആയുർവേദ ആശുപത്രിയിലെ സീനിയർ മെഡിക്കലാഫീസർ(വിഷ) തസ്തികയിൽ ജോലി ചെയ്തുവരവെ 09.09.2005-ൽ അന്തരിച്ച ഡോ.എൻ.ശ്രീവത്സന്റെ മകൾ കുമാരി എസ്.എസ്. അമൃത ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുവാനുണ്ടായ കാലതാമസം മാപ്പാക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പിലെ വിഷയം.

2) കുമാരി എസ്.എസ്. അമൃത ആശ്രിത നിയമനത്തിനായി സമർപ്പിച്ച അപേക്ഷ, അപേക്ഷക മേജറായി 3 വർഷത്തിനകം സമർപ്പിച്ചില്ല എന്ന കാരണത്താൽ നിരസിച്ചിരുന്നു. എന്നാൽ കുമാരി എസ്.എസ്. അമൃതയുടെ പിതൃമാതാവുമായി നിലവിലുണ്ടായിരുന്ന അവകാശ തർക്കത്തിൽ കോടതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനന്തരവകാശ സർട്ടിഫിക്കറ്റ് റവന്യൂ അധികാരികളിൽ നിന്നും 28.05.2018 - ന് മാത്രമേ ലഭ്യമായതുള്ളൂ എന്നും, ആയത് ലഭിച്ച മുറയ്ക്ക് 17.08.2018 - ന് ആശ്രിത നിയമന അപേക്ഷ സമർപ്പിക്കുകയാണുണ്ടായതെന്നും വിശദമാക്കി ടിയാൾ വീണ്ടും അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു.

3) ആശ്രിത നിയമനത്തിന് അപേക്ഷിക്കുന്നതിൽ മനഃപൂർവ്വമായ കാലതാമസം വരുത്തിയിട്ടില്ലാത്തതിനാലും, പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ് ലഭിക്കാനുണ്ടായ കാലതാമസം പരിഗണിച്ചും കുമാരി എസ്.എസ്. അമൃത സമർപ്പിച്ച ആശ്രിത നിയമന അപേക്ഷ അനുകൂല നടപടികൾക്കായി ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

4) ഇത് സംബന്ധിച്ച് ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

*24/05/1999 ലെ GO(P) 12/99/P&ARD നമ്പർ ഉത്തരവിന്റെ ഖണ്ഡിക 19 പ്രകാരം, ജീവനക്കാരൻ മരണപ്പെട്ടപ്പോൾ മൈനറായിരുന്ന അപേക്ഷക മേജറായി 3 വർഷത്തിനകം ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ ടിയാരി ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിൽ മൂന്നു വർഷത്തിലധികം കാലതാമസം വരുത്തിയിട്ടുള്ളതായി കാണുന്നു. അർഹമായ കേസുകളിൽ രണ്ടു വർഷം വരെയുള്ള കാലതാമസം മാപ്പാക്കാൻ വ്യവസ്ഥയുണ്ട്. രണ്ടുവർഷത്തിലധികമുള്ള കാലതാമസം മാപ്പാക്കുന്നതിലേക്കായി യാതൊരു കാരണവശാലും ക്യാബിനറ്റിന്റെ മുമ്പിൽ കൊണ്ടുവരാൻ പാടില്ലായെന്ന് 18.5.2004-ലെ 6678/Adv.C2/04/P&ARD നമ്പർ സർക്കുലറിൽ വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. എന്നാൽ 24/05/1999 ലെ GO(P) 12/99/P&ARD നമ്പർ ഉത്തരവിന്റെ ഖണ്ഡിക 20 പ്രകാരം അപ്പന്റിക്സ് A അപേക്ഷയോടൊപ്പം നിർബന്ധമായും ഉൾപ്പെടുത്തേണ്ട സാക്ഷ്യ പത്രമാണ്*

പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ്. അത് ഉൾപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷ പരിഗണിക്കേണ്ടതില്ലായെന്നു വ്യക്തമാക്കിയിട്ടുമുണ്ട്. ടി സാഹചര്യത്തിൽ പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ് ലഭിക്കാതെ കുമാരി അമൃതയ്ക്ക് ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കാനാവുമായിരുന്നില്ല.

മേൽ വിവരിച്ച സാഹചര്യത്തിൽ അധികാരികളിൽ നിന്നും യഥാസമയം പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ് ലഭിക്കാത്തതാണ് ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിൽ കാലതാമസം വരാനിടയായതെന്ന് ഭരണ വകുപ്പ് ഉറപ്പാക്കുകയും, അതിനുശേഷം ആവശ്യമെങ്കിൽ മന്ത്രിസഭയുടെ അനുമതിയോടെ ചട്ടങ്ങളിൽ ഇളവനുവദിച്ചുകൊണ്ട് കാലതാമസം മാപ്പാക്കി നൽകാവുന്നതും അപേക്ഷയിൽ തുടർന്നടപടി സ്വീകരിക്കാവുന്നതുമാണ് എന്ന വിവരം ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ്.

5) കുമാരി.എസ്.എസ്.അമൃതയുടെ പിതൃമാതാവുമായി നിലവിലുണ്ടായിരുന്ന അവകാശ തർക്കത്തിൽ കോടതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് റവന്യൂ അധികാരികളിൽ നിന്നും 26.5.2018-ലാണ് ലഭിച്ചത്. യഥാസമയം പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ് ലഭിക്കാത്തതാണ് ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിൽ കാലതാമസം വരാനിടയായത്.

6) ഈ സാഹചര്യത്തിൽ ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭയുടെ അനുമതിയോടെ ചട്ടങ്ങളിൽ ഇളവനുവദിച്ചുകൊണ്ട് കാലതാമസം മാപ്പാക്കി കുമാരി.എസ്.എസ്.അമൃതയ്ക്ക് ആശ്രിത നിയമനം നൽകാവുന്നതാണോ എന്ന ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

ഭാരതീയ ചികിത്സാ വകുപ്പിൽ തിരുവനന്തപുരം വർക്കല ജില്ലാ ആയുർവേദ ആശുപത്രിയിലെ സീനിയർ മെഡിക്കലാഫീസർ (വിഷ) തസ്തികയിൽ ജോലി ചെയ്തുവരവെ അന്തരിച്ച ഡോ.എൻ.ശ്രീവത്സന്റെ മകൾ കുമാരി എസ്.എസ്.അമൃത ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുവാനുണ്ടായ കാലതാമസം ചട്ടങ്ങളിൽ ഇളവനുവദിച്ചുകൊണ്ട് മാപ്പാക്കി ടിയാൾക്ക് ആശ്രിത നിയമനം നൽകാവുന്നതാണോ ?